**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.800 30.11.2018 -ലെ മറുപടിക്ക്**

## പാലക്കാട് ജില്ലയിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.ഡി. പ്രസേനൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ ഗ്രാമവികസന പദ്ധതിയിലേയ്ക്ക് പാലക്കാട് ജില്ലയിലെ ഏതെല്ലാം പട്ടികജാതി കോളനികളാണ് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | 1. കൊളയ്ക്കാട് പട്ടികജാതി കോളനി<br>2. കതിരപ്പറമ്പ് പട്ടികജാതി കോളനി<br>3. ചോലക്കാട്ടുകുന്ന് പട്ടികജാതി കോളനി<br>4. ചാമപ്പറമ്പ് പട്ടികജാതി കോളനി<br>5. കുട്ടാല കവറപ്പറ പട്ടികജാതി കോളനി<br>6. പറക്കന്നം പട്ടികജാതി കോളനി<br>7. കൈതക്കുഴി പട്ടികജാതി കോളനി<br>8. കരകരകുളമ്പ് പട്ടികജാതി കോളനി<br>9. ഓനാംതറ പട്ടികജാതി കോളനി<br>10. പടിക്കൽപാടം പട്ടികജാതി കോളനി<br>11. നെടുങ്ങൺകാട് പട്ടികജാതി കോളനി<br>12. പെരുമല പട്ടികജാതി കോളനി<br>13. മുളകാട് പട്ടികജാതി കോളനി<br>14. അയ്യങ്കുളം പട്ടികജാതി കോളനി<br>15. കല്ലേക്കാട് പട്ടികജാതി കോളനി<br>16. കൊളക്കണ്ടാംപൊറ്റ പട്ടികജാതി കോളനി<br>17. നെച്ചുള്ളി പട്ടികജാതി കോളനി<br>18. തിരുമാലപ്പറ്റ പട്ടികജാതി കോളനി<br>19. മുണ്ടക്കാട് പട്ടികജാതി കോളനി<br>20. അമരമംഗലം പട്ടികജാതി കോളനി<br>21. അംബേദ്കർ പട്ടികജാതി കോളനി<br>22. കാരാട്ടുപറമ്പ് പട്ടികജാതി കോളനി<br>23. കാരക്കുന്ന് കൈപ്പറമ്പ് പട്ടികജാതി കോളനി<br>24. മുല്ലശ്ശേരി പട്ടികജാതി കോളനി<br>25. വടക്കേടത്ത് കുന്ന് കോളനി<br>26. ചോലപ്പറമ്പ് പട്ടികജാതി കോളനി<br>27. പടാട്ടുകുന്ന് പട്ടികജാതി കോളനി<br>28. വെളുത്തേൻ മാരിൽ പട്ടികജാതി കോളനി<br>29. പഴയകളം പട്ടികജാതി കോളനി |

| | | | |
|---|---|---|---|
| | | | 30. നെന്മാറപ്പാടം പട്ടികജാതി കോളനി<br>31. പനമ്പഴക്കാട് പട്ടികജാതി കോളനി |
| (ബി) | ഓരോ കോളനിയിലും എത്ര തുകയുടെ വികസന പ്രവർത്തനങ്ങൾക്കാണ് ഭരണാനുമതി നൽകുന്നത്; | (ബി) | ഒരു കോളനിയ്ക്ക് ഒരു കോടി രൂപ എന്ന ക്രമത്തിൽ ഭരണാനുമതി നല്കുന്നു. |
| (സി) | പാലക്കാട് ജില്ലയിൽ പ്രസ്തുത പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട എല്ലാ കേന്ദ്രങ്ങളിലും അംഗീകരിക്കപ്പെട്ട വികസന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ എന്ന് അറിയിക്കുമോ ; | (സി) | 24 കോളനികളുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിയിൽപ്പെട്ട ആലത്തൂർ മണ്ഡലത്തിലുള്ള കേന്ദ്രങ്ങളിലെ വികസന പദ്ധതികളെ സംബന്ധിച്ചും അവയുടെ പ്രവർത്തന പുരോഗതി സംബന്ധിച്ചും വിശദാംശം നൽകുമോ? | (ഡി) | ആലത്തൂർ നിയോജക മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പനമ്പഴക്കാട് കോളനിയുടെ പ്രവർത്തന ഉദ്ഘാടനം കഴിഞ്ഞു. 8 വീടുകളുടെ പുനരുദ്ധാരണം പൂർത്തീകരിച്ചു. മണ്ണ് സംരക്ഷണ ഭിത്തിയുടെ പ്രവൃത്തി പുരോഗതിയിലാണ്. സ്കൂൾ ചുറ്റമതിൽ നിർമ്മാണം അവസാന ഘട്ടത്തിലാണ്, നിർവ്വഹണ ഏജൻസി ജില്ലാ നിർമ്മിതി കേന്ദ്രമാണ്. നെടുങ്ങൺകാട് കോളനിയിൽ 26 വീടുകളുടെ പുന:രുദ്ധാരണം പൂർത്തീകരിച്ചു. 500 മീറ്റർ റോഡ് വർക്ക് പൂർത്തിയായി. മണ്ണ് സംരക്ഷണ ഭിത്തി പുരോഗതിയിലാണ്. നിർവ്വഹണ ഏജൻസി ജില്ലാ നിർമ്മിതി കേന്ദ്രമാണ്. കുട്ടാല കവറപ്പുര, പറക്കുന്നം കോളനികളുടെ എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല. ടി കോളനികളുടെ നിർവ്വഹണ ഏജൻസി കേരള ഇലക്ട്രിക്കൽ അലൈൻഡ് എഞ്ചിനീയറിംഗ് ലിമിറ്റഡാണ്. |

സെക്ഷൻ ഓഫീസർ